**15 -ാം കേരള നിയമസഭ**

**16 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2583** **23-02-2026 - ൽ മറുപടിയ്ക്ക്**

**ചാത്തങ്കോട്ടുനട ജലവൈദ്യുത പദ്ധതി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. ഇ കെ വിജയൻ | | ശ്രീ . കെ . കൃഷ്ണൻകുട്ടി<br>(വൈദ്യുതി വകുപ്പ് മന്ത്രി) | |
| (എ) | നാദാപുരം മണ്ഡലത്തിലെ ചാത്തങ്കോട്ടുനട ജലവൈദ്യുത പദ്ധതിയുടെ ഒന്നാം ഘട്ട പ്രവൃത്തിയുടെ വിശദമായ വിവരം ലഭ്യമാക്കാമോ? | (എ) | നാദാപുരം മണ്ഡലത്തിൽ ചാത്തങ്കോട്ടുനട രണ്ടാം ഘട്ട ചെറുകിട ജല വൈദ്യുത പദ്ധതിയുടെ മുകളിലായി (upstream side), 5 മെഗാവാട്ട് സ്ഥാപിത ശേഷിയുള്ള ചാത്തങ്കോട്ടുനട ഒന്നാം ഘട്ട ചെറുകിട ജല വൈദ്യുത പദ്ധതിയ്ക്ക് ബോർഡ് ഭരണാനുമതി നൽകിയിട്ടുണ്ട്. പ്രതിവർഷം ഏകദേശം 12.06 മില്യൺ യൂണിറ്റ് വൈദ്യുതി ഈ പദ്ധതിയിൽ നിന്നും ഉല്പാദിപ്പിക്കാൻ ലക്ഷ്യമിടുന്നു. കുറ്റ്യാടി ബേസിനിൽ ഉൾപ്പെടുന്ന പൂതംപാറ, ചാപ്പൻതോട്ടം പുഴകളിൽ നിന്നുള്ള ജലസ്രോതസ്സാണ് പദ്ധതിക്കായി ഉപയോഗിക്കുന്നത്.<br><br>പ്രസ്തുത പദ്ധതിയുടെ അംഗീകാരം നേടുന്നതിനായി സമർപ്പിച്ച സാഹചര്യത്തിൽ, കേരള സംസ്ഥാന വൈദ്യുതി റെഗുലേറ്ററി കമ്മീഷൻ നിർദേശിച്ച നിബന്ധനകൾ പാലിച്ച് പദ്ധതിയെ ചെലവുകുറഞ്ഞതും സാമ്പത്തികമായി സാധ്യതയുള്ളതുമായ രീതിയിൽ രൂപ കൽപ്പന ചെയ്യുന്നതിനുള്ള നടപടികൾ പുരോഗമിക്കുന്നതായും KSEBL സർക്കാരിനെ അറിയിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ